# CAREER Updates
# പത്രവൃത്താന്തം

29.03.2024 (വെള്ളി)



- ➪ 2024 മാർച്ചിൽ കേന്ദ്രസർക്കാർ ഭരണവിലക്ക് ഏർപ്പെടുത്തിയ കേന്ദ്ര ലളിതകലാ അക്കാദമിയുടെ ചെയർമാൻ
- ✔ വി. നാഗ്ദാസ്
- കേന്ദ്ര ലളിതകലാ അക്കാദമിയിലെ ജീവനക്കാരുടെ നിയമനം, സ്ഥലംമാറ്റം, അച്ചടക്കനടപടികൾ, സാമ്പത്തിക തീരുമാനങ്ങൾ തുടങ്ങിയ ഭരണപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കണമെങ്കിൽ കേന്ദ്ര സാംസ്കാരിക മന്ത്രാലയത്തോട് കൂടിയാലോചിക്കണം എന്നാണ് ഭരണവിലക്കിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്.
- 2023 മാർച്ചിലാണ് പാലക്കാട് സ്വദേശിയായ വി. നാഗ്ദാസ് കേന്ദ്ര ലളിതകലാ അക്കാദമി ചെയർമാൻ ആയി നിയമിതനായത്. 3 വർഷത്തേക്കായിരുന്നു ഇദ്ദേഹത്തിന്റെ നിയമനം.

- ➪ 2024 മാർച്ചിൽ സ്വവർഗ്ഗ വിവാഹം നിയമവിധേയമാക്കുന്നതിനുള്ള ബിൽ പാസ്സാക്കിയ ആദ്യ തെക്കുകിഴക്കൻ ഏഷ്യൻ രാജ്യമായി മാറിയത്
- ✔ തായ്ലന്റ്
- സ്വവർഗ്ഗ വിവാഹം നിയമ വിധേയമാക്കുന്ന ഏഷ്യയിലെ മൂന്നാമത്തെ രാജ്യമാണ് തായ്ലന്റ്. സ്വവർഗ്ഗ വിവാഹം നിയമവിധേയ മാക്കിയ ആദ്യത്തെ ഏഷ്യൻ രാജ്യം തായ്വാനും രണ്ടാമത്തെ ഏഷ്യൻ രാജ്യം നേപ്പാളും ആണ്.
- ➪ 2024 മാർച്ചിൽ ആദ്യ പറക്കൽ വിജയകരമായി പൂർത്തിയാക്കിയ, ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡ് തദ്ദേശീയമായി നിർമ്മിച്ച യുദ്ധവിമാനം
- ✔ തേജസ് മാർക്ക് വൺ–എ
- ➪ മോഹിനിയാട്ടം ഉൾപ്പെടെയുള്ള എല്ലാ വിഭാഗം കോഴ്സുകളിലേക്കും ലിംഗഭേദമന്യേ പ്രവേശനം നൽകാൻ തീരുമാനിച്ച കേരളത്തിലെ കലാ പഠനകേന്ദ്രം
- ✔ കേരള കലാമണ്ഡലം
- ➪ ബെന്യാമിന്റെ 'ആടുജീവിതം' എന്ന നോവലിനെ ആസ്പദമാക്കി 2024 മാർച്ചിൽ പുറത്തിറങ്ങിയ 'ആടുജീവിതം' എന്ന ചലച്ചിത്രത്തിന്റെ സംവിധായകൻ
- ✔ ബ്ലെസി
- 'ആടുജീവിതം' എന്ന നോവലിലെ പ്രധാന കഥാപാത്രമായ നജീബിനെ വെള്ളിത്തിരയിൽ അവതരിപ്പിച്ചത് പൃഥ്വിരാജ് സുകുമാരൻ ആണ്.
- ➪ 2024 മാർച്ചിൽ പടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യമായ സെനഗലിന്റെ പ്രസിഡന്റ് ആയി തിരഞ്ഞെടുക്കപ്പെട്ട വ്യക്തി
- ✔ ബസീറോ ദയോമയി ഫയെ
- ➪ 2024 മാർച്ചിൽ കാട്ടുതീ പടർന്നു പിടിച്ച തെലങ്കാനയിലെ വന്യജീവി സങ്കേതം
- ✔ എതുർനഗരം

- ➪ 2024 മാർച്ചിൽ അന്തരിച്ച പ്രശസ്ത ഇസ്രായേലി മനഃശാസ്ത്രജ്ഞനും സാമ്പത്തികശാസ്ത്രത്തിലെ നൊബേൽ പുരസ്കാര ജേതാവുമായ വ്യക്തി
- ✔ ഡാനിയേൽ കാനിമാൻ
- 2002–ലാണ് ഡാനിയേൽ കാനിമാന് സാമ്പത്തികശാസ്ത്രത്തിൽ നൊബേൽ പുരസ്കാരം ലഭിച്ചത്.
- ➪ വോട്ട് ചെയ്യാൻ അർഹതയുള്ള എല്ലാ കോളേജ് വിദ്യാർത്ഥികളെയും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തിയ കേരളത്തിലെ ആദ്യത്തെ ജില്ല
- ✔ കണ്ണൂർ
- ➪ 2024 മാർച്ചിൽ മ്യാന്മാറിലെ ഇന്ത്യൻ അംബാസഡറായി നിയമിതനായത്
- ✔ അഭയ് താക്കൂർ
- ➪ 2024 മാർച്ചിൽ ലോകത്തിലെ ആദ്യത്തെ ഓം ആകൃതിയിലുള്ള ക്ഷേത്രം ഉദ്ഘാടനം ചെയ്യപ്പെട്ട ഇന്ത്യൻ സംസ്ഥാനം
- ✔ രാജസ്ഥാൻ
- ➪ 2024 മാർച്ചിൽ പോർച്ചുഗീസിന്റെ പ്രധാനമന്ത്രിയായി നിയമിതനായത്
- ✔ ലൂയിസ് മോണ്ടിനെഗ്രോ
- ➪ കൊച്ചി മെട്രോയുടെ രണ്ടാം ഘട്ടത്തിന്റെ നിർമ്മാണത്തിനുള്ള കരാർ ലഭിച്ച കമ്പനി
- ✔ അഫ്കോൺസ് ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്
- കൊച്ചി മെട്രോയുടെ രണ്ടാം പാത അറിയപ്പെടുന്നത് പിങ്ക് ലൈൻ എന്നാണ്.
- ➪ വിദ്വാൻ എ.കെ. കൃഷ്ണൻ മാസ്റ്ററുടെ സ്മരണാർത്ഥം നൽകപ്പെടുന്ന എ.കെ.പി. പുരസ്കാരത്തിന് 2024–ൽ അർഹനായത്
- ✔ കൈതപ്രം ദാമോദരൻ നമ്പൂതിരി

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999